പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3795 20/07/2015 ൽ മറുപടിക്ക്

## കാസർഗോഡ് ജില്ലയിലെ എച്ച്.എസ്.എ. മലയാളം തസ്തികയിലെ ഒഴിവുകൾ

**ചോദ്യം**

**ശ്രീ സി. കൃഷ്ണൻ**

എ) കാസർഗോഡ് ജില്ലയിൽ എച്ച്.എസ്.എ. മലയാളം തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ഏതൊക്കെ സ്കൂളുകളിലാണ് ഒഴിവുകൾ ഉള്ളതെന്നും വിശദമാക്കാമോ;

**മറുപടി**

**ശ്രീ. പി.കെ. അബ്ദു റബ്ബ്**
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

എ) കാസർഗോഡ് ജില്ലയിൽ എച്ച്.എസ്.എ. മലയാളം തസ്തികയിൽ താഴെ പറയുന്ന സ്കൂളുകളിലായി 8 ഒഴിവുകൾ ഉണ്ട്.

| ക്രമ നം. | സ്കൂൾ | ഒഴിവു കൾ |
|---|---|---|
| 1 | GHSS Belluru | 1 |
| 2 | GWHS Panathur | 1 |
| 3 | GHS Perdala | 1 |
| 4 | GHS Kuttikkol | 1 |
| 5 | GHSS Balanthode | 1 |
| 6 | GFHS Padnekadappuram | 1 |
| 7 | GHSS Balal | 1 |
| 8 | GVHSS Kottappuram | 1 |
| ആകെ ഒഴിവുകൾ | | 8 |

പ്രസ്തുത ഒഴിവുകളിൽ GHSS Balanthode ൽ ഒരു ബൈട്രാൻസ്ഫർ കാറ്റഗറിക്കും 10/07/2015 ൽ നിയമനം നൽകി. 2 ഒഴിവുകൾ 2014-2015 വർഷത്തിൽ പ്രൊമോഷൻ ക്വാട്ടക്ക് നീക്കിവെച്ചിട്ടുണ്ട്. ബാക്കിയുള്ള 5 ഒഴിവുകളിൽ 1 എണ്ണം പ്രൊമോഷൻ, 1 എണ്ണം അന്തർജില്ലാ സ്ഥലം മാറ്റം, 1 എണ്ണം ബൈട്രാൻസ്ഫർ നിയമനങ്ങൾക്കായി മാറ്റിവെച്ചിട്ടുണ്ട്. പി.എസ്.സി.ക്കുള്ള 30 ശതമാനം ക്വാട്ടക്ക് ആനുപാതികമായി 2 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ചെയ്ത തീയതി വ്യക്തമാക്കാമോ; | ബി) | പി.എസ്.സി.ക്കുള്ള 30 ശതമാനം ക്വാട്ടക്ക് ആനുപാതികമായി 2 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 1 ഒഴിവ് 20/06/2015 നാണ് റിപ്പോർട്ട് ചെയ്തത്. കൂടാതെ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വിധിയുടെ അടിസ്ഥാനത്തിൽ 09/07/2015 ന് 6 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ ഒരു ഒഴിവ് പി.എസ്.സി.ക്കുള്ള 30 ശതമാനം ക്വാട്ടയിൽ ഉൾപ്പെട്ടതാണ്. |
| സി) | ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ? | സി) | പി.എസ്.സി.ക്കുള്ള 30 ശതമാനം ക്വാട്ടയിൽ ആനുപാതികമായുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കി ഒഴിവുകൾ പ്രൊമോഷൻ, അന്തർ ജില്ലാ സ്ഥലം മാറ്റം, ബൈട്രാൻസ്ഫർ നിയമനങ്ങൾക്കായി ആനുപാതികമായി മാറ്റിവെച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ